പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

25.06.2018 -ലെ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം നമ്പർ. *346

# ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ട്

ചോദ്യം

ശ്രീമതി. സി.കെ. ആശ

ശ്രീ.ചിറ്റയം ഗോപകുമാർ

ശ്രീമതി ഗീതാ ഗോപി

ശ്രീ.വി.ആർ.സുനിൽ കുമാർ

ഉത്തരം

ശ്രീ. ടി.പി.രാമകൃഷ്ണൻ

(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

എ)തോട്ടം മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ വിശദമാക്കമോ;

(എ) തോട്ടം മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ അനുബന്ധം (1) ആയി ചേർക്കുന്നു.

ബി) പ്രസ്തുത കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) ജസ്റ്റീസ് കൃഷ്ണൻ നായർ കമ്മിഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി തോട്ടം മേഖലയിലെ തൊഴിലാളി യൂണിയൻ പ്രതിനിധികളുടെയും തോട്ടം ഉടമാ പ്രതിനിധികളുടെയും ഒരു യോഗം 06/02/2017- ൽ ബഹു:തൊഴിൽ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടുകയും ടി നിർദ്ദേശങ്ങൾ സംബന്ധിച്ച് യൂണിയനുകളുടെയും തൊഴിലുടമാ പ്രതിനിധികളുടെയും അഭിപ്രായം എഴുതി സമർപ്പിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. ഇതിൻ പ്രകാരം ബന്ധപ്പെട്ടവർ നൽകിയ അഭിപ്രായങ്ങളുടെ ക്രോഡീകരിച്ച റിപ്പോർട്ട് സർക്കാർ പരിശോധിക്കുകയും ഇതേ തുടർന്ന് തോട്ടം മേഖലയിലെ വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി ബഹു:മുഖ്യമന്ത്രി 09/05/2017- ൽ വിളിച്ച് ചേർത്ത യോഗത്തിൽ ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മിഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനായുള്ള ശുപാർശ സമർപ്പിക്കുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഒരു ഉന്നതതല കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. ടി കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ 14 ശുപാർശകൾ അനുബന്ധം (2) ആയി ചേർത്തിരിക്കുന്നു. പ്രസ്തുത ശുപാർശകളിൽ ക്രമനമ്പർ 1, 2, 3, 4, 7, 9, 10, 11, 13, 14 ശുപാർശകൾ അംഗീകരിക്കുകയും 8-ാം നമ്പർ ശുപാർശ തള്ളിക്കളയുകയും 5, 6,12 ശുപാർശകൾ ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

| | |
|---|---|
| സി) തോട്ടം മേഖലയിലുള്ള ഭവനരഹിതരായ തൊഴിലാളികൾക്ക് വീടുകൾ ലഭ്യമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | സി) തോട്ടം മേഖലയിലെ ഭവനരഹിതരായ തൊഴിലാളികൾക്ക് വീട് വെച്ച് നൽകുന്നതിനായി സർക്കാരിന്റെ ലൈഫ് മിഷൻ പദ്ധതിയിൽ തോട്ടം മേഖലയെ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം പരമാവധി 4 ലക്ഷം രൂപ ചെലവിൽ വ്യക്തിഗത വീടുകൾ നിർമ്മിക്കുവാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട് 2018-19 ബജറ്റിൽ 2230-01-103-15(പി) എന്ന ശീർഷകത്തിൽ 11 കോടി രൂപ 'ഭവനം-പദ്ധതി സ്വന്തം വീട് **സ്കീമി'**നായി അനുവദിക്കുകയും ഇതിൽ 4.08 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |
| ഡി) പ്രസ്തുത മേഖലയിലെ തൊഴിലാളികളുടെ മക്കൾക്ക് മെച്ചപ്പെട്ട പഠന സൗകര്യങ്ങളും തൊഴിൽ സാഹചര്യങ്ങളും ലഭ്യമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ? | ഡി) തോട്ടം മേഖലയിലെ തൊഴിലാളികളുടെ മക്കൾക്ക് മെച്ചപ്പെട്ട പഠന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് പ്രത്യേക പദ്ധതികളൊന്നും നിലവിലില്ല. എന്നിരുന്നാലും കേരളത്തിലെ പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് സമാശ്വാസം നൽകുന്നതിനായി സംസ്ഥാനത്ത് തിരുവനന്തപുരം, ഇടുക്കി, പാലക്കാട്, വയനാട് എന്നീ ജില്ലകളിൽ പ്രവർത്തിച്ച് വരുന്ന പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റി മുഖേന തിരുവനന്തപുരം, ഇടുക്കി ജില്ലകളിൽ പൂട്ടിക്കിടക്കുന്ന തൊഴിലാളികളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസ ധനസഹായം നൽകി വരുന്നു. ഇടുക്കി പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റി 2016-17 സാമ്പത്തിക വർഷം 5,42,495/-രൂപയും 2017-18-ൽ 4,36,557/-രൂപയും വിദ്യാഭ്യാസ ധനസഹായമായി വിതരണം ചെയ്തിട്ടുണ്ട് തിരുവനന്തപുരം ജില്ലയിൽ 2016-17 വർഷത്തിൽ 1,02,000/- രൂപ ഉന്നത വിദ്യാഭ്യാസ ധനസഹായമായും (16 പേർക്ക്) പഠനോപകരണങ്ങൾ വാങ്ങുന്നതിന് 36000/-രൂപയും 2017-18 വർഷത്തിൽ 33,000/-രൂപയും ധനസഹായമായി അനുവദിച്ചിട്ടുണ്ട്. തൊഴിലാളികളുടെ തൊഴിൽ സാഹചര്യം മെച്ചപ്പെടുത്തുന്നതിന് പ്ലാന്റേഷൻ ലേബർ ആക്ട് പ്രകാരമുള്ള നടപടി സ്വീകരിച്ചു പോരുന്നു. |

Sreelekha

**സെക്ഷൻ ഓഫീസർ**

## അനുബന്ധം -I

1. ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തും നിലവിലില്ലാത്ത പ്ലാന്റേഷൻ ടാക്സ് നിർത്തലാക്കണം.
2. തോട്ടം ഉടമകളിൽ നിന്നും കാർഷികാദായ നികുതി ഈടാക്കുന്നത് പൂർണ്ണമായും ഒഴിവാക്കുകയോ അല്ലാത്തപക്ഷം 5 വർഷത്തേക്ക് മരവിപ്പിക്കുകയോ ചെയ്യണം.
3. വളരെ പഴക്കമുള്ളതും ജീർണ്ണാവസ്ഥയിലുള്ളതും ആൾതാമസമില്ലാത്തതുമായ ലയങ്ങളെ കെട്ടിട നികുതിയിൽ നിന്നും ഒഴിവാക്കണം.
4. തോട്ടങ്ങളുടെ ഇന്നത്തെ അവസ്ഥ പരിഗണിച്ച് ഭൂനികുതിയിൽ ആവശ്യമായ ഇളവ് അനുവദിക്കേണ്ടതാണ്.
5. തോട്ടങ്ങളിൽ നിന്നും റബ്ബർമരങ്ങൾ റീപ്ലാന്റേഷനുവേണ്ടി മുറിച്ചു മാറ്റുന്ന സന്ദർഭങ്ങളിൽ വനം വകുപ്പ് സീനിയറേജ് ഈടാക്കുന്നത് നിർത്തലാക്കണം.
6. ദശാബ്ദങ്ങളുടെ പഴക്കമുള്ളതും പൊട്ടിപ്പൊളിഞ്ഞതും മനുഷ്യവാസത്തിന് യോഗ്യമല്ലാത്തതുമായ എല്ലാ ലയങ്ങളും പൊളിച്ചുമാറ്റി രണ്ട് കിടപ്പുമുറികളുള്ള കെട്ടിടങ്ങൾ നിർമ്മിച്ച് നൽകണം. അത്തരം കെട്ടിടങ്ങളെ വർക്കേഴ്സ് ക്വാർട്ടേഴ്സ് എന്ന് നാമകരണം ചെയ്യണം. പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ നിർമ്മാണ ചെലവ് തൊഴിലുടമയും സംസ്ഥാന സർക്കാരും തുല്യമായി വഹിക്കണം.
7. തോട്ടം തൊഴിലാളികൾക്ക് ഇ.എസ്.ഐ.സ്കീം നടപ്പിലാക്കണം. ഇതിനാവശ്യമായ നിയമഭേദഗതികൾ വരുത്തണം.
8. കാലാവസ്ഥാ വ്യതിയാനം തോട്ടവിളകളായ തേയില, ഏലം, കാപ്പി എന്നിവയ്ക്ക് ഭീഷണിയായതിനാൽ തോട്ടങ്ങളിൽ ഇടവിള കൃഷി ചെയ്യുന്നതിന് അനുവദിക്കണം. ഇക്കാര്യത്തിൽ നിയമഭേദഗതി ആവശ്യമെങ്കിൽ വരുത്താവുന്നതാണ്.
9. തോട്ടങ്ങളുടെ പാട്ടക്കാലാവധി അവസാനിക്കുന്ന മുറയ്ക്ക് പാട്ടം പുതുക്കി നൽകേണ്ടതും ആയതുവഴി തൊഴിൽ നഷ്ടവും ഉത്പാദന നഷ്ടവും ഉണ്ടാകാതെ നോക്കേണ്ടതാണ്.
10. കേരളാ ഫോറസ്റ്റ് (വെസ്റ്റിംഗ് & മാനേജ്മെന്റ് ഓഫ് എക്കോളജിക്കലി ഫ്രജൈൽ ലാന്റ്) ആക്ടിന്റെ പരിധിയിൽ നിന്നും തോട്ടങ്ങളെ ഒഴിവാക്കേതാണ്.
11. തേയില, ഏലം, കാപ്പി എന്നിവ സംസ്ഥാന സർക്കാരിന്റെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ പേലുള്ള പൊതുവിതരണ സംവിധാനം ഉപയോഗപ്പെടുത്തി സർക്കാർ തന്നെ തോട്ടങ്ങളിൽ നിന്ന് നേരിട്ട് ശേഖരിക്കുകയും വിറ്റഴിക്കുകയും ചെയ്യുന്നതിനുള്ള നടപടി കൈക്കൊള്ളണം.
12. ഉപേക്ഷിക്കപ്പെട്ടതോ പ്രവർത്തനരഹിതമായി കിടക്കുന്നതോ ആയ തോട്ടങ്ങൾ സർക്കാർ ഏറ്റെടുത്ത് നടത്തുകയോ, അല്ലെങ്കിൽ തൊഴിലാളികളുടെ സഹകരണ സംഘങ്ങൾ രൂപീകരിച്ച് അവയ്ക്ക് സർക്കാർ ധനസഹായം നൽകി പ്രവർത്തിപ്പിക്കുകയോ ചെയ്യണം.
13. പ്രതിസന്ധിയുടെ കാരണം പറഞ്ഞ് തൊഴിലാളികളുടെ വേതനം കാലോചിതമായി പരിഷ്കരിക്കാതിരിക്കുന്നത് ആശാസ്യമല്ല. ആയതിനാൽ ജീവിത നിലവാരത്തിനനുസരിച്ച് തോട്ടം തൊഴിലാളികളുടെ വേതനത്തിൽ ആവശ്യമായ വർദ്ധനവ് കാലാകാലങ്ങളിൽ നടപ്പിലാക്കേണ്ടതാണ്.
14. പ്ലാന്റേഷൻ മേഖല ഇപ്പോൾ അഭിമുഖീകരിക്കുന്ന പ്രശ്ന പരിഹാരത്തിന് സുവ്യക്തമായ ഒരു പ്ലാന്റേഷൻ പോളിസി സംസ്ഥാന സർക്കാർ പ്രഖ്യാപിക്കേണ്ടതാണ്

Sreelas

**സെക്ഷൻ ഓഫീസർ**

## അനുബന്ധം -II

1)പ്ലാന്റേഷൻ ടാക്സ് നിർത്തലാക്കണമെന്ന ആവശ്യം വളരെ പഴക്കമുള്ള ഒന്നാണെന്നും കേരളത്തിൽ മാത്രമാണ് ഇപ്പോൾ ടി ടാക്സ് നിലവിലുള്ളതെന്നും കമ്മിറ്റി നിരീക്ഷിച്ചു. ആയതിനാൽ പ്ലാന്റേഷൻ ടാക്സ് ഒഴിവാക്കുന്നതിന് ശുപാർശ ചെയ്തു.

2)തോട്ടം ഉടമകളിൽ നിന്നും കാർഷികാദായ നികുതി ഈടാക്കുന്നത് അഞ്ച് വർഷത്തേക്ക് മരവിപ്പിക്കണമെന്ന കമ്മീഷന്റെ ശുപാർശ അംഗീകരിക്കുന്നതിന് യോഗം ശുപാർശ ചെയ്തു.

3) എസ്റ്റേറ്റുകളിലെ നിലവിലുള്ള എല്ലാ ലയങ്ങളും വളരെ പഴക്കമുള്ളതും ജീർണ്ണാവസ്ഥയിലുള്ളതും ആണെന്ന് യോഗം വിലയിരുത്തി. ഇത്തരം ലയങ്ങൾ അറ്റകുറ്റപ്പണി ചെയ്ത് വാസയോഗ്യമാക്കുന്നത് അസാധ്യമായതിനാൽ എല്ലാ ലയങ്ങളേയും കെട്ടിട നികുതിയിൽ നിന്നും ഒഴിവാക്കണമെന്ന് തദ്ദേശസ്വയം ഭരണ വകുപ്പിനോട് ശുപാർശ ചെയ്യുന്നതിന് ശുപാർശ ചെയ്തു.

4)നിലവിലുള്ള ഭൂനികുതി നാമമാത്രമാണെന്ന് യോഗം വിലയിരുത്തി. ഭൂനികുതി ഒഴിവാക്കണമെന്ന കമ്മീഷൻ ശുപാർശ അംഗീകരിക്കേണ്ടതില്ലെന്ന് യോഗം ശുപാർശ ചെയ്തു.

5)നിലവിൽ റബ്ബർ മരങ്ങൾ മുറിച്ചു മാറ്റുമ്പോൾ വനം വകുപ്പ് ഈടാക്കുന്ന സീനിയറേജ് 2500/- രൂപയാണെന്ന് യോഗം വിലയിരുത്തി. റബ്ബറിന്റെ വില വളരെ താഴ്ന്നിരിക്കുന്ന സാഹചര്യത്തിൽ ടി തുക വളരെ കൂടുതലാണെന്ന് യോഗം വിലയിരുത്തി. ഒരു റബ്ബർമരം മുറിച്ച് വിൽക്കുമ്പോൾ ലഭിക്കുന്ന ശരാശരി തുക ഏകദേശം 5000/- രൂപയാണ്. മേൽ സഹചര്യത്തിൽ സീനിയറേജ് തുക നിലവിലെ 2500/-രൂപയിൽ നിന്നും 1000/- രൂപയായി കുറയ്ക്കുന്നതിന് യോഗം ശുപാർശ ചെയ്തു.

6)നിലവിലുള്ള ലയങ്ങൾ അറ്റകുറ്റപ്പണി ചെയ്ത് വാസയോഗ്യമാക്കുന്നത് അസാധ്യമായതിനാൽ സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട പദ്ധതി ( ലൈഫ്) ൽപ്പെടുത്തി തൊഴിലാളികൾക്ക് ആവശ്യമായ വാസഗൃഹങ്ങൾ നിർമ്മിക്കേണ്ടതാണെന്ന് തീരുമാനിച്ചു. ഇതിനായി ആവശ്യമായി വരുന്ന ചെലവിന്റെ 50% സർക്കാരും 50% തോട്ടം ഉടമകളും വഹിക്കേണ്ടതാണ്. തോട്ടം ഉടമകളിൽ നിന്നും ഈടാക്കേണ്ടതായ 50% തുക ഏഴ് വാർഷിക ഗഡുക്കളായി ( പലിശ രഹിതം) ഈടാക്കി പദ്ധതി നടപ്പാക്കാവുന്നതാണ്. പദ്ധതി നടത്തിപ്പിന് ആവശ്യമായ സ്ഥലം എസ്റ്റേറ്റ് ഉടമകൾ സൗജന്യമായി സർക്കാരിന് ലഭ്യമാക്കേണ്ടതാണ്. ഇക്കാര്യത്തിൽ തോട്ടമുടമകളുമായി ഒരു കരാർ ഉടമ്പടി ഉണ്ടാക്കേണ്ടതാണെന്ന് ശുപാർശ ചെയ്തു.

7)തോട്ടം തൊഴിലാളികൾക്ക് ഇ.എസ്.ഐ സ്കീം ബാധകമാക്കുന്ന വിഷയം തൊഴിൽ വകുപ്പിന്റെ പരിഗണനയിലാണെന്ന് നിരീക്ഷിച്ചു.

8)തോട്ടങ്ങളുടെ അടിസ്ഥാനപരമായ ഘടനയ്ക്ക് കോട്ടം തട്ടാത്ത രീതിയിൽ അനുയോജ്യമായ ഇടവിള കൃഷി ചെയ്യുന്നതിനുള്ള ശുപാർശ തത്വത്തിൽ അംഗീകരിച്ചു. എന്നാൽ ലാന്റ് റിഫോംസ് ആക്ട് ദുർവിനിയോഗം ചെയ്യാത്തരീതിയിൽ എസ്റ്റേറ്റുകളുടെ നിലവിലെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് കൃഷി, വനം വകുപ്പുകളുടെ കൂടി അഭിപ്രായം തേടിയശേഷം ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണെന്ന് ശുപാർശ ചെയ്തു.

9) തോട്ടങ്ങളുടെ പാട്ടകാലാവധി അവസാനിക്കുന്ന മുറയ്ക്ക് പാട്ടം പുതുക്കി നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കേണ്ടതാണ്. ഇക്കാര്യത്തിൽ തടസ്സം നിൽക്കുന്ന കാര്യങ്ങൾ പരിശോധിച്ച് നിയമ വകുപ്പ് സെക്രട്ടറി ഒരു കുറിപ്പ് നൽകേണ്ടതാണെന്ന് ശുപാർശ ചെയ്തു.

10)കേരളാ ഫോറസ്റ്റ് (വെസ്റ്റിംഗ് ആന്റ് മാനേജ്മെന്റ് ഓഫ് എക്കോളജിക്കലി ഫ്രൈജൈൽ ലാന്റ്) ആക്ടിന്റെ പരിധിയിൽ നിന്നും തോട്ടങ്ങളെ ഒഴിവാക്കിക്കൊണ്ട് നടപടി സ്വീകരിച്ചിട്ടുള്ളതാണ്.

11) തേയില, ഏലം, കാപ്പി എന്നിവ സംസ്ഥാന സർക്കാരിന്റെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ പോലുള്ള പൊതുവിതരണ സംവിധാനം ഉപയോഗപ്പെടുത്തി സർക്കാർ തന്നെ തോട്ടങ്ങളിൽ നിന്ന് നേരിട്ട് ശേഖരിക്കുകയും വിറ്റഴിക്കുകയും ചെയ്യുന്നതിനുള്ള നടപടി കൈക്കൊള്ളണമെന്ന കമ്മീഷന്റെ ശുപാർശ അപ്രായോഗിക മായതിനാൽ പരിഗണിക്കേണ്ട ആവശ്യമില്ലെന്ന് നിരീക്ഷിച്ചു.

12)ഉപേക്ഷിക്കപ്പെട്ടതോ പ്രവർത്തന രഹിതമായി കിടക്കുന്നതോ ആയ തോട്ടങ്ങൾ സർക്കാർ ഏറ്റെടുത്ത് നടത്തുകയോ അല്ലെങ്കിൽ തൊഴിലാളികളുടെ സഹകരണസംഘങ്ങൾ രൂപീകരിച്ച് അവയ്ക്ക് സർക്കാർ ധനസഹായം നൽകി പ്രവർത്തിപ്പിക്കുകയോ ചെയ്യണമെന്ന വിഷയത്തിൽ ആവശ്യമായ നിയമനിർമ്മാണം (Initiate proposal for legal frame work)നടത്തുന്ന കാര്യം പരിശോധിക്കേണ്ടതാണ്. റവന്യൂ വകുപ്പ് നിലവിൽ തയ്യാറാക്കിയിരിക്കുന്ന ലാന്റ് ലീസ് ആക്ടിന്റെ പരിധിയിൽ ഇക്കാര്യം കൂടി കൊണ്ടുവരുന്ന കാര്യം പരിഗണിക്കാവുന്നതാണെന്ന് ശുപാർശ ചെയ്തു.

13)തൊഴിലാളികളുടെ വേതനം കാലോചിതമായ പരിഷ്കരിക്കുന്നത് സംബന്ധിച്ച് ആവശ്യമായനടപടികൾ തൊഴിൽ വകുപ്പ് സ്വീകരിക്കേണ്ടതാണെന്ന് ശുപാർശ ചെയ്തു.

14)പ്ലാന്റേഷൻ മേഖല ഇപ്പോൾ അഭിമുഖീകരിക്കുന്ന പ്രശ്ന പരിഹാരത്തിന് സംസ്ഥാന സർക്കാരിന്റെ പ്ലാന്റേഷൻ പോളിസി തയ്യാറാക്കുന്നതിന് തൊഴിൽ വകുപ്പ് നടപടി സ്വീകരിക്കേണ്ടതാണെന്ന് ശുപാർശ ചെയ്തു.

സെക്ഷൻ ഓഫീസർ